# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4755 — 19.05.2017-ൽ മറുപടിയ്ക്ക്

## കാട്ടുതീയിൽ നഷ്ടമായ വനഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ഏതാനും മാസത്തിനിടെ ഉണ്ടായ കാട്ടുതീയിൽ സംസ്ഥാനത്തിന് നഷ്ടമായത് മൊത്തം വനഭൂമിയുടെ എത്ര ശതമാനമാണ്; | (എ) കഴിഞ്ഞ ഏതാനും മാസത്തിനിടെ ഉണ്ടായ കാട്ടുതീയിൽ സംസ്ഥാനത്തിന് വനഭൂമി നഷ്ടമായിട്ടില്ല. എന്നാൽ ഈ വർഷം ഉണ്ടായ 735 എണ്ണം കാട്ടുതീ 2986.18 ഹെക്ടർ വനഭൂമിയെ ബാധിച്ചിട്ടുണ്ട്. |
| (ബി) ഈ കാട്ടുതീ കാരണം മറ്റെന്തെല്ലാം നഷ്ടങ്ങളാണ് വനസമ്പത്തിനുണ്ടായത്; വിശദാംശങ്ങൾ നൽകുമോ; | (ബി) കാട്ടുതീ കാരണം 2,49,258/- രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിന്റെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സർക്കിൾ | നഷ്ടം (രൂപ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 14148 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 35910 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 180000 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 14200 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 5000 |
| | ആകെ | 249258 |

| | |
|---|---|
| (സി) തീ അണയ്ക്കുന്നതിന് വനം വകുപ്പിന് സ്വന്തമായി എന്തെ- | (സി) ഓരോ വനമേഖലിയിലെയും കാട്ടുതീ സാധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ചിട്ടുണ്ട്. |

ങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ കാട്ടുതീയെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളും?

ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

V Beena

സെക്ഷൻ ഓഫീസർ

# അനുബന്ധം

വിവിധ സ്കീമുകളിലും, പദ്ധതികളിലും ലഭ്യമായ തുക ക്രോഡീകരിച്ച് കാട്ടുതീ ഉണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് അവയ്ക്ക് അനുസരണമായി തുക വിനിയോഗിച്ചു വരുന്നു. തീ പടർന്ന് പിടിക്കാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ ഫയർ ലൈനുകൾ ജനുവരി മാസത്തിൽ തന്നെ തെളിച്ചുകഴിഞ്ഞു. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഉൾപ്പെടെ 274 ജീവനക്കാർ രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

കാട്ടുതീയുടെ സാന്നിദ്ധ്യം എത്രയും വേഗം കണ്ടെത്തുവാനും ബന്ധപ്പെട്ട ജീവനക്കാർക്ക് ആയത് നിയന്ത്രിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിലേയ്ക്ക് സംസ്ഥാന വ്യാപകമായി സ്ഥിരം/താൽക്കാലിക വാച്ച് ടവറുകൾ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കാട്ടുതീ ഉണ്ടായാൽ ഉടൻ തന്നെ അതിനെ ഫലപ്രദമായി നിയന്ത്രിക്കാനായി ഫയർമസ്ദൂർമാരെയും, പ്രായേണ വലിയ തീയെ നേരിടാൻ ഫയർ ഗ്യാങ്ങുകളെയും നിയമിച്ചിട്ടുണ്ട്.

വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ജനവാസ മേഖലയോട് അടുത്ത വനമേഖലകളിൽ കാട്ടുതീ പ്രതിരോധ/ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഈ വർഷം കാട്ടുതീ മൂലമുണ്ടാകുന്ന ആപത്തിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാർ ആക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ അവരെ ഭാഗഭാക്കാക്കുന്നതിന്റെയും ഭാഗമായി പോസ്റ്ററുകൾ, ബാനറുകൾ, റാലികൾ, തിയറ്ററുകളിൽ സ്ലൈഡുകൾ, തെരുവ് നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ച് വരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും

ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ